

# ഫലസ്ത്വീൻ ദുരന്തത്തിന്റെ അറുപതാം വാർഷികം

**പഴയ** താക്കോൽ ഫലസ്ത്വീനികൾക്ക് തിരിച്ചുവരവിന്റെ പ്രതീക്ഷയുണർത്തുന്ന ഒരു പ്രതീകമാണ്. തകർക്കപ്പെടുകയോ അന്യാധീനപ്പെടുകയോ ചെയ്ത തങ്ങളുടെ പഴയ വീടുകളുടെ താക്കോലുകൾ സൂക്ഷിക്കുന്ന എത്രയോ കുടുംബങ്ങളെ അഭയാർഥി ക്യാമ്പുകളിൽ കാണാം. ഫലസ്ത്വീൻ അപഹരണത്തിന്റെയും അധിനിവേശത്തിന്റെയും അറുപതാം വാർഷികമായിരുന്നു കഴിഞ്ഞ മെയ് 14. പടിഞ്ഞാറെ കരയിലെ ബൈത്ലഹ്മിലുള്ള ആഇദ അഭയാർഥിക്യാമ്പിൽ ഭീമാകാരമായ ഒരു താക്കോൽ നാട്ടിയാണ് ഫലസ്ത്വീൻ അഭയാർഥികൾ പ്രതിഷേധിച്ചത്. താക്കോലിന്റെ നീളം പത്ത് മീറ്റർ, ഭാരം രണ്ട് ടൺ.

കറുത്ത വസ്ത്രങ്ങളണിഞ്ഞ് ലോകമെമ്പാടും പ്രതിഷേധ പ്രകടനങ്ങളും സമ്മേളനങ്ങളും നടത്താൻ വിവിധ ഫലസ്ത്വീൻ ഗ്രൂപ്പുകൾ ആഹ്വാനം ചെയ്തു. ഇന്റർനെറ്റിലെ യൂട്യൂബ്, ഫേയ്സ് ബുക് പോലുള്ള സംവിധാനങ്ങൾ അവർ കാര്യമായി ഉപയോഗിക്കുന്നുമുണ്ട്. ഔട്ട്ലാന്റിഷ് മ്യൂസിക് ഗ്രൂപ്പിന് വേണ്ടി സാമി യൂസുഫ് പാടിയ Try not to cry എന്ന ഗാനം ഇന്റർനെറ്റ് വഴി വ്യാപകമായി പ്രചരിപ്പിക്കുന്നു.

അധിനിവിഷ്ട കിഴക്കൻ ഖുദ്സിലെ ചെറുപ്പക്കാർ കുറെക്കൂടി പുതുമയുള്ള പ്രതിഷേധ പരിപാടികളാണ് ആസൂത്രണം ചെയ്തത്. അവർ 21,951 കറുത്ത ബലൂണുകൾ ആകാശത്തേക്ക് ഉയർത്തിവിടാൻ തീരുമാനിച്ചു. സയണിസ്റ്റ് അധിനിവേശം നടന്നിട്ട് ഇത്രയും ദിനങ്ങളായി എന്നർഥം. ഓരോ ബലൂണിലും ഫലസ്ത്വീനികളുടെ അപഹരിക്കപ്പെട്ട അവകാശങ്ങൾ ഓരോന്നായി എഴുതി വെച്ചിരിക്കും. ഫലസ്ത്വീനികളുടെ വ്യാപകമായ പ്രതിഷേധ പരിപാടികളെ തുടർന്ന് 'ഇസ്രയേൽ പിറവിയുടെ അറുപതാം വാർഷിക'ത്തിന് അമേരിക്കയിൽ പോലും മങ്ങലേറ്റു. ■

# ഭവന വായ്പകൾ പലിശയില്ലാതെ

**വീട്** വാങ്ങിയതിന്റെ കടം പതിനേഴ് വർഷമായി മുടങ്ങാതെ തിരിച്ചടക്കുന്ന ഒരു സ്ത്രീയെ മുനീർ അൽഹാജിന് പരിചയമുണ്ട്. ഈയടുത്ത് ഏതാനും ഗഡുക്കളുടെ തിരിച്ചടവ് മുടങ്ങി. ബാങ്ക് നിർദയം ആ വീട് തിരിച്ചെടുത്തു. സ്ത്രീക്ക് അടച്ച കാശും പോയി, വീടും പോയി. അമേരിക്കയിലെ സാധാരണക്കാരന്റെ നടുവൊടിച്ച ഭവന വായ്പാ തിരിച്ചടവ് പ്രതിസന്ധി(Subprime Crisis)യിൽ ഇങ്ങനെ വീടും പണവും നഷ്ടപ്പെട്ട പതിനായിരങ്ങളുണ്ട്.

വെർജീനിയ സംസ്ഥാനത്തെ സ്റ്ററലിംഗിൽ ചേർന്ന ഒരു യോഗത്തിൽ മുനീർ അൽഹാജ് ഈ പ്രശ്നം ഉന്നയിച്ചു. ആർക്ക് ഇതിന് ഒരു പരിഹാരം നിർദേശിക്കാൻ കഴിയും? തങ്ങൾ ഒരു ബദൽ രീതി വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് 'ഗൈഡൻസ് റസിഡൻഷ്യൽ' കമ്പനിയുടെ പ്രതിനിധി മറുപടി പറഞ്ഞു. ശരീഅത്ത് നിയമങ്ങൾ അനുശാസിക്കുന്ന വിധം പ്രവർത്തിക്കുന്ന കമ്പനിയാണ് ഗൈഡൻസ് റസിഡൻഷ്യൽ. സാമ്പത്തിക പ്രതിസന്ധിയിൽ സാധാരണക്കാർ നട്ടംതിരിയുമ്പോൾ മുറിവിൽ ഉപ്പു തേക്കുന്ന നിലപാട് ഇസ്ലാമിക ഫിനാൻസ് കമ്പനികൾ ഒരിക്കലും സ്വീകരിക്കുകയില്ല. പലിശയില്ലാതെയും കൂടുതലായി ഫീസുകൾ ചുമത്താതെയും കടമെടുത്തവന് ഇസ്ലാമിക കമ്പനികൾ അവധി നീട്ടി നൽകും. അതുകൊണ്ട് ഇസ്ലാമിക ഭവന വായ്പാ കമ്പനികൾക്ക് അമേരിക്കയിൽ വൻ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. 2002-ൽ പ്രവർത്തനം ആരംഭിച്ച ഗൈഡൻസ് റസിഡൻഷ്യൽ ഇതിനകം അയ്യായിരം വീടുകൾ വാങ്ങാനുള്ള ധനസഹായം നൽകിക്കഴിഞ്ഞു. 2008-ലെ ആദ്യ നാലു മാസത്തിനകം തന്നെ ഈ സ്ഥാപനത്തിന് ഏഴു ശതമാനം വ്യാപാരം വർധിച്ചു. വീടിനു വേണ്ടി ഇസ്ലാമിക ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുന്നവരുടെ എണ്ണം കഴിഞ്ഞ മാർച്ചിൽ നാലിരട്ടി വർധിച്ചതായി മറ്റൊരു പ്രമുഖ ഇസ്ലാമിക ധനകാര്യ സ്ഥാപനമായ യൂനിവേഴ്സിറ്റി ഇസ്ലാമിക് ഫിനാൻഷ്യൽ അറിയിച്ചു. ലാ രിബാ എന്ന ധനകാര്യ സ്ഥാപനത്തിലും ഭവന വായ്പക്കുള്ള അപേക്ഷകൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നു. ■

